21
TUESDAY
# ദുബായ് വാർത്ത
www.dubaivartha.com
MAY 2019
A WHATSAPP NEWS PAPER


## പത്ത് വർഷം വരെ കാലാവധിയുള്ള വിസ നൽകാൻ യു.എ.ഇ തീരുമാനിച്ചു



ഡോക്ടർമാരും എഞ്ചിനീയർമാരും ഉൾപ്പെടെയുള്ള പ്രൊഫഷണൽ നിക്ഷേപകർക്ക് പുറമെ ആരോഗ്യ, സാങ്കേതിക രംഗങ്ങളിൽ നിന്നുള്ള വിദഗ്ദർക്കും ഗവേഷകർക്കും ശാസ്ത്രജ്ഞർക്കുമെല്ലാം 10 വർഷത്തെ വിസ അനുവദിക്കും.

## ഹെലികോപ്റ്റർ തകർന്ന് വീണ് 7 പേർ മരിച്ച സംഭവം; വ്യോമസേനയുടേത് ഗുരുതര പിഴവെന്ന് കണ്ടെത്തൽ



സംഭവത്തെ തുടർന്ന് ശ്രീനഗർ എയർബസിലെ എയർ ഓഫീസർ കമാൻഡിംഗിനെ ഉൾപ്പെടെ 6 ഉദ്യോഗസ്ഥർക്കെതിരെ നടപടി കൈകൊണ്ടു. ബലാക്കോട് ആക്രമണത്തിനു ശേഷം ഫെബ്രുവരി 27 നാണ് പാക്ക് ഡ്രോൺ ആണെന്ന് തെറ്റിദ്ധരിച്ച് ഇന്ത്യൻ ഹെലിക്കോപ്റ്റർ വ്യോമസേന വെടിവച്ച് വീഴ്ത്തുന്നത്.

## മുഴുവൻ വി വി പാറ്റ് സ്ലിപ്പുകളും എണ്ണണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഹർജി സുപ്രീം കോടതി തള്ളി.



സുപ്രീം കോടതിയുടെ സി.ജെ.ഐ ബെഞ്ച് നേരത്തെ തന്നെ ഈ വിഷയത്തിൽ തീരുമാനം എടുത്തതാണെന്നും വീണ്ടും ഇതേ പരാതി പരിഗണിക്കുന്നതിൽ അർത്ഥമില്ലെന്നും ഈ ഹർജി തന്നെ വിഡ്ഢിത്തമാണെന്നും ആയിരുന്നു സുപ്രീം കോടതി,ഒരു സംഘം സാങ്കേതിക വിദഗ്ധർ സമർപ്പിച്ച ഹർജി തള്ളിക്കൊണ്ട് പറഞ്ഞത്.

## വോട്ടെണ്ണൽ: സംസ്ഥാനത്തു ഡ്രൈ ഡേ 23 നു മാത്രം; ബെവ്കോ ഔട്ട്ലെറ്റുകളിൽ വൻതിരക്ക്



ഇന്ന് (21) വൈകിട്ടു മുതൽ വോട്ടെണ്ണൽ ദിനമായ 23 വൈകിട്ട് 6 വരെ മദ്യവിൽപനശാലകൾ അവധിയായിരിക്കുമെന്ന സമൂഹ മാധ്യമ പ്രചാരണം തെറ്റാണെന്ന് എക്സൈസ് കമ്മീഷണറുടെ ഓഫീസും ബെവ്റിജസ് കോർപറേഷനും അറിയിച്ചു.

ദുബായ് വാർത്ത
www.dubaivartha.com
A WHATSAPP NEWS PAPER



## എക്സിറ്റ് പോളിൽ ആശ്വാസം കണ്ടെത്തി ബിജെപി; വോട്ട് വർദ്ധിക്കുമെന്ന് പ്രവചനം




**വോട്ടെടുപ്പിന് മുമ്പുള്ള സർവേകളിലും എക്സിറ്റ് പോളിലും ബിജെപിക്കു കുറഞ്ഞത് നാലുശതമാനം വോട്ടുവർധിക്കുമെന്നാണ് പ്രവചനം. ശബരിമല പ്രശ്നത്തിൽ സ്വീകരിച്ച നിലപാടിനോടുള്ള അംഗീകാരമായി ബിജെപി ഈ ഫലങ്ങളെ കാണുന്നു.**

## നവമാധ്യമങ്ങളിലൂടെ അപകീർത്തിപ്പെടുത്തി; തോമസ് ഐസക്കിനെതിരെ കേസുമായി ശ്രീധരൻ പിള്ള




**കേരളത്തിലെ ദേശീയപാത വികസനം മുടക്കിയത് ശ്രീധരൻ പിള്ളയാണെന്ന് ആരോപിച്ചുള്ള ധനമന്ത്രിയുടെ ഫെയ്സ്ബുക്ക് പോസ്റ്റിനെതിരെ 10 കോടി രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ടാണ് കേസ്. സിവിൽ, ക്രിമിനൽ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നഷ്ടപരിഹാരത്തുക ശബരിമല കേസിൽ വേട്ടയാടപ്പെട്ടവർക്ക് നൽകുമെന്നും ശ്രീധരൻ പിള്ള വ്യക്തമാക്കി.**

## അരുണാചൽ എം എൽ എ ഉൾപ്പെടെ 11 പേരെ നാഗാ ഭീകരർ കൊലപ്പെടുത്തി



ഇറ്റാനഗർ: അരുണാചൽ പ്രദേശ് നിയമസഭാംഗവും അദ്ദേഹത്തിന്റെ മകനുമനടക്കം 11 പേരെ ഭീകരവാദികൾ വധിച്ചു. എൻപിപിയുടെ എംഎൽഎ ആയ തിരോങ് അബോയാണ് വധിക്കപ്പെട്ടത്. അസ്സമിൽ നിന്ന് സ്വന്തം മണ്ഡലത്തിലേക്ക് വരുന്നതിനിടെ നാഗാ തീവ്രവാദികളായ എൻഎസ്സിഎൻ– ഐ എം വാഹനവ്യൂഹം തടഞ്ഞു നിർത്തുകയും നിറയൊഴിക്കുകയുമായിരുന്നു.

21
TUESDAY
MAY 2019

# ദുബായ് വാർത്ത

www.dubaivartha.com

A WHATSAPP NEWS PAPER



## പ്രളയത്തിൽ ഉത്തരക്കടലാസ് നശിച്ചു;
## മൂന്ന് തസ്തികയ്ക്ക് പി.എസ്.സി യുടെ പുനഃപരീക്ഷ



പ്രളയത്തിൽ ഉത്തരക്കടലാസുകൾ നനഞ്ഞ് ചിതലരിച്ചതിനെത്തുടർന്ന് മൂന്ന് തസ്തികയുടെ പരീക്ഷകൾ പി.എസ്.സി. റദ്ദാക്കി. വനിതാ സിവിൽ എക്സൈസ് ഓഫീസർ (കാറ്റഗറി നമ്പർ 345/2017), വൊക്കേഷണൽ ഹയർ സെക്കൻഡറി ഇൻസ്ട്രക്ടർ (ഡൊമസ്റ്റിക് നഴ്സിങ് – കാറ്റഗറി നമ്പർ 89/2017) എന്നീ പരീക്ഷകളാണ് വീണ്ടും നടത്തുക. പരീക്ഷത്തീയതി പിന്നീട് അറിയിക്കും.

## ഗോഡ്സെ ജന്മദിനാഘോഷം:
## 8 പേർ ഗുജറാത്തിൽ അറസ്റ്റിൽ.



തീവ്രവാദി ദേശഭക്തൻ വിവാദം കത്തി നിൽക്കുന്നതിനിടെ ഗാന്ധി ഘാതകൻ നാഥുറാം ഗോഡ്സെയ്ക്കു ഗാന്ധിജിയുടെ നാട്ടിൽ തന്നെ ജന്മദിനാഘോഷം. ആഘോഷം നടത്തിയ 8 പേരെ മതസ്പർധ വളർത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവെന്ന കുറ്റമാരോപിച്ച് സൂറത്തിൽ അറസ്റ്റ് ചെയ്തു.

### പ്രചാരണത്തിൽ ഒന്നാം നമ്പർ അഴിമതിക്കാരനെന്ന് പരിഹസിച്ചു;

## രക്തസാക്ഷിത്വ ദിനത്തിൽ രാജീവ് ഗാന്ധിക്ക് ആദരമർപ്പിച്ച് നരേന്ദ്ര മോദി.





രാജീവ് ഗാന്ധിയുടെ രക്തസാക്ഷിത്വ ദിനത്തിൽ മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിക്ക് ആദരാഞ്ജലികൾ എന്ന് അദ്ദേഹം ട്വിറ്ററിൽ കുറിച്ചു. മക്കളായ രാഹുലും പ്രിയങ്കയും ഉൾപ്പെടെ മോദിക്കെതിരെ കടുത്ത വിമർശനവുമായി രംഗത്തെത്തിയിരുന്നു.

## യു എ ഇയിലെ ഇന്നത്തെ നോമ്പുതുറസമയം

| ദുബായ് | അബുദാബി | ഷാർജ | അജ്മാൻ | ഫുജൈറ | റാസ് അൽഖൈമ | ഉമ്മൽ ഖുവൈൻ |
|---|---|---|---|---|---|---|
| 7.02 PM | 7.06 PM | 7.02 PM | 7.02 PM | 6.56 PM | 6.58 PM | 6.58 PM |